ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പി എം സ്വനിധി പദ്ധതി ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.**
   **Prime Minister Narendra Modi will address the beneficiaries of PM Swanidhi Scheme today.**

2. **അധഃസ്ഥിതർക്ക് മുൻഗണന നൽകാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ നേർക്കാഴ്ചയാണ് പിഎം-സുരജ് ദേശീയ പോർട്ടലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
   **Prime Minister Narendra Modi says, National portal PM Suraj is a glimpse of the government's commitment to prioritize the underprivileged.**

3. **ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള രണ്ടാംഘട്ട സ്ഥാനാർത്ഥി പട്ടിക ബിജെപി പുറത്തിറക്കി. കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ 72 പേർ പട്ടികയിൽ.**
   **BJP has released the list of candidates for the second phase of the Lok Sabha elections. 72 people including Union Ministers are in the list.**

4. **ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിങ്ങിന്റെ അഞ്ച് ദിവസത്തെ ഇന്ത്യ സന്ദർശനത്തിന് ഇന്ന് തുടക്കം.**
   **Bhutan Prime Minister Dasho Tshering will be on a five-day visit to India from today.**

5. **വൃക്കയുടെ പരിരക്ഷ ഏവർക്കും എന്ന പ്രമേയവുമായി ഇന്ന് ലോക വൃക്ക ദിനം.**
   **With the theme 'Kidney health for all' World kidney day is being observed today.**

**6. യു.കെയിൽ നടക്കുന്ന ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിത ഡബിൾസിൽ അശ്വിനി പൊന്നപ്പയും ടനീഷ ക്രാസ്റ്റോയും പ്രീ-ക്വാട്ടറിൽ കടന്നു.**

**In All England Open Badminton Championship, Women's Doubles pair of Ashwini Ponnappa and Tanisha Krasto reached pre-quarter finals in UK.**

==================================================

# PM - DELHI

പി എം സ്വനിധി പദ്ധതി ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

ഡൽഹിയിലെ ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ ഡൽഹിയിൽ നിന്നുള്ള **5,000** വഴിയോര കച്ചവടക്കാർ ഉൾപ്പെടെ 1 ലക്ഷം തെരുവോര കച്ചവടക്കാർക്കുള്ള വായ്പകളും അദ്ദേഹം വിതരണം ചെയ്യും. ഡൽഹി മെട്രോയുടെ നാലാം ഘട്ടത്തിന്റെ രണ്ട് അധിക ഇടനാഴികളുടെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സാമ്പത്തിക പിന്തുണ നൽകാനുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, മാഹാമാരി മൂലമുണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ 2020 ജൂൺ ഒന്നിനാണ് പി.എം സ്വനിധി പദ്ധതി ആരംഭിച്ചത്. ഇതുവരെ രാജ്യത്താകമാനമുള്ള 62 ലക്ഷത്തിലധികം വഴിയോര കച്ചവടക്കാർക്കായി 82 ലക്ഷം വായ്പകളിലൂടെ **10,978 കോടി** രൂപ വിതരണം ചെയ്തിട്ടുണ്ട്.

==================================================

# PM SURAJ – (INTRO)

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള പരിവർത്തന സംരംഭമാണ് സർക്കാർ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പിന്നാക്ക വിഭാഗങ്ങൾക്ക് വായ്പാ സഹായം

ലഭ്യമാക്കുന്നതിനുള്ള പിഎം-സുരജ്ദേശീയ പോർട്ടൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

**വിശദാംശങ്ങളിലേക്ക് ............**

**– (VOICE.....)**

അധഃസ്ഥിതർക്ക് മുൻഗണന നൽകാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ നേർക്കാഴ്ചയാണ് പിഎം-സുരജ് ദേശീയ പോർട്ടലെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചടങ്ങിൽ പിന്നാക്ക സമുദായങ്ങളിൽ നിന്നുള്ള ഒരു ലക്ഷം സംരംഭകർക്ക് വായ്പാ സഹായത്തിന് അനുമതി നൽകി. പട്ടികജാതി, പിന്നാക്ക വിഭാഗങ്ങൾ, ശുചീകരണ തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള വിവിധ സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളുമായി അദ്ദേഹം വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിച്ചു. രാജ്യത്തുടനീളമുള്ള 470-ലധികം ജില്ലകളിൽ നിന്നുള്ള ഗുണഭോക്താക്കൾ പരിപാടിയിൽ സാക്ഷ്യം വഹിച്ചു. പിന്നാക്ക വിഭാഗങ്ങളുടെ വികസനമില്ലാതെ വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കാനാവില്ലെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. എസ്‌സി, എസ്ടി, ഒബിസി വിഭാഗങ്ങളെ ശാക്തീകരിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ടെന്നും ശ്രീ മോദി കൂട്ടിച്ചേർത്തു. വിവിധ സ്ഥാപനങ്ങൾ ഈ വിഭാഗങ്ങൾക്ക് നൽകുന്ന സഹായം കഴിഞ്ഞ 10 വർഷത്തിനിടെ ഇരട്ടിയായി വർധിപ്പിച്ചതായി അദ്ദേഹം പറഞ്ഞു. പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി ഈ വർഷം മാത്രം **ഒരു ലക്ഷത്തി 60,000 കോടി** രൂപയുടെ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

ന്യൂസ് ഡെസ്ക്, ആകാശവാണി....

==============================================================

## PREZ UTTARAKHAND-UCC

ഉത്തരാഖണ്ഡ് സർക്കാർ പുറപ്പെടുവിച്ച ഏകീകൃത സിവിൽ കോഡ്  ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ഈ ബിൽ നടപ്പാക്കുന്നതോടെ, സ്വാതന്ത്ര്യാനന്തരം ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്ന  രാജ്യത്തെ ആദ്യ സംസ്ഥാനമായി ഉത്തരാഖണ്ഡ് മാറും. ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിൽ സന്തോഷമുണ്ടെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി സമൂഹമാധ്യമത്തിൽ കുറിച്ചു.

==============================================================

## AMIT SHAH

എൻ ഐ എ യുടെ കൊച്ചിയിലെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് വൈകിട്ട് നിർവഹിക്കും. ഓൺലൈനായാണ് ഉദ്ഘാടന ചടങ്. കളമശ്ശേരി എച്ച്എംടി - മെഡിക്കൽ കോളേജ് റോഡിലാണ് ഓഫീസ് കെട്ടിടം.

==============================================================

## PM – KERALA VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ കേരളത്തിലെത്തും. എൻ.ഡി.എ സ്ഥാനാർഥി അനിൽ കെ. ആന്റണിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കെടുക്കുന്നതിനാണ് അദ്ദേഹം കേരളത്തിലെത്തുന്നത്. പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. സന്ദർശനത്തോടനുബന്ധിച്ച്

വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

==========================================================

## BJP CANDIDATE LIST

ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള രണ്ടാംഘട്ട സ്ഥാനാർത്ഥി പട്ടിക ബിജെപി പുറത്തിറക്കി. 72 പേരാണ് രണ്ടാം ഘട്ട പട്ടികയിലുള്ളത്. കേന്ദ്രമന്ത്രിമാരായ അനുരാഗ് സിംഗ് ഠാക്കൂർ, ഹിമാചൽ പ്രദേശിലെ ഹാമിർപൂർ മണ്ഡലത്തിൽ നിന്നും നിതിൻ ഗഡ്കരി, നാഗ്പൂരിൽ നിന്നും പിയൂഷ് ഗോയൽ മുംബൈ നോർത്തിൽ നിന്നും മത്സരിക്കും. കർണാടക മുൻ മുഖ്യമന്ത്രി ബസവരാജ ബൊമ്മയ് ഹാവേരി ജനവിധി തേടും. കേന്ദ്രമന്ത്രിമാരായ പ്രൽഹാദ് ജോഷി ധാർവാഡ് ലോക്സഭാ സീറ്റിലും, ശോഭ കരന്ദ്‌ലാജെ ബാംഗ്ലൂർ നോർത്തിലും, ഭഗവന്ത് ഖുബ കർണാടകയിലെ ബിദാർ സീറ്റിലും പാർട്ടി സ്ഥാനാർഥിയാകും.

==========================================================

## BHUTAN PM

ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിങ്ങിന്റെ ഇന്ത്യ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. ജനുവരിയിൽ പ്രധാനമന്ത്രി പദം ഏറ്റെടുത്ത ശേഷമുള്ള ഷെറിങ്ങിന്റെ ആദ്യ വിദേശ സന്ദർശനമാണിത്. ഈ മാസം 18 വരെ നീണ്ടു നിൽക്കുന്ന സന്ദർശനത്തിനിടെ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം

അറിയിച്ചു. മുംബൈയിലും ഭൂട്ടാൻ പ്രധാനമന്ത്രി സന്ദർശനം നടത്തുന്നുണ്ട്.

==========================================================

## PRASAR BHARATI- ANURAG SINGH TAKUR

പ്രസാർ ഭാരതിയുടെ വാർത്ത പങ്കിടൽ സേവനമായ PB-SHABD, ഡിഡി ന്യൂസ്, ആകാശവാണി ന്യൂസ് എന്നിവയുടെ വെബ്സൈറ്റുകൾ, നവീകരിച്ച ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് എന്നിവ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി ശ്രീ അനുരാഗ് സിംഗ് ഠാക്കൂർ ഉദ്ഘാടനം ചെയ്തു. 'പി ബി ശബ്ദ്' വഴി അമ്പത് വിഭാഗങ്ങളിലായി എല്ലാ പ്രധാന ഇന്ത്യൻ ഭാഷകളിലും ആദ്യ വർഷം വാർത്തകൾ സൗജന്യമായി നൽകുമെന്ന് അദ്ദേഹം അറിയിച്ചു. വാർത്താ സ്ഥാപനങ്ങൾക്ക്, വാർത്താ ഉള്ളടക്കത്തിന്റെ ഒരൊറ്റ കേന്ദ്ര ഉറവിടമായി PB-SHABD പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

==========================================================

## ADB

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി 181 ദശലക്ഷം ഡോളറിന്റെ വായ്പ കരാറിൽ കേന്ദ്ര സർക്കാർ ഒപ്പുവച്ചു. അഹമ്മദാബാദിന്റെ നഗരവത്കരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് തുക വിനിയോഗിക്കുക ഗ്രാമ - നഗര മേഖലകളിലെ വികസനത്തിനാണ് മുൻതൂക്കം നൽകുക. അഹമ്മദാബാദ് നഗര പദ്ധതിക്ക് കീഴിൽ 166 കിലോമീറ്റർ ജലവിതരണ ശൃംഖല, 126 കിലോമീറ്റർ മഴവെള്ള ഡ്രെയിനേജ്, 300 കിലോമീറ്റർ മലിനജല സംവിധാനങ്ങൾ, നാല് മലിനജല ശുദ്ധീകരണ

പ്ലാന്റുകൾ എന്നിവ നിർമ്മിക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു.

==================================================

## RAJEEV CHANDRASEKHAR- AWARD

സാമൂഹ്യ മാധ്യമങ്ങളുടെ വരവോടെ പത്രപ്രവർത്തനം കൂടുതൽ വെല്ലുവിളി നേരിടുന്ന മേഖലയായി മാറിയതായി കേന്ദ്ര സഹമന്ത്രി രാജിവ് ചന്ദ്രശേഖർ. തിക്കുറിശ്ശി ഫൗണ്ടേഷന്റെ പതിനാറാമത് അച്ചടി ദൃശ്യമാധ്യമ അവാർഡുകൾ തിരുവനന്തപുരത്ത് വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. സത്യം സഞ്ചരിക്കുന്ന തിനേക്കാൾ ആയിരം മടങ്ങ് വേഗത്തിൽ കള്ളം പ്രചരിക്കുന്ന ഇക്കാലത്ത് സത്യസന്ധമായ പത്രപ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കാൻ പുതിയ തലമുറ തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു. മികച്ച പ്രോഗ്രാം അവതാരകയായ് ദൂരദർശനിൽ സംപ്രേഷണം ചെയ്യുന്ന കൂട്ടിന് ഒരു പാട്ടിലെ അവതാരകയായ സരിത രാം അർഹയായി.

==================================================

## NEET- MDS

NEET- MDS പരീക്ഷയ്ക്ക് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളില്ലെന്ന ചില മാധ്യമ റിപ്പോർട്ടുകൾ അടിസ്ഥാന രഹിതമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഷില്ലോങും, കൊഹിമയും, ഗോഹറട്ടിയും, കൊൽക്കത്തയും ഉൾപ്പെടെ ആറിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളുണ്ടെന്ന് മന്ത്രാലയം വ്യക്തമാക്കി. ഈ മാസം 11 വരെ നടന്ന NEET-MDS പ്രവേശനത്തിൽ 560 ഉദ്യോഗാർത്ഥികളാണ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് അപേക്ഷ സമർപ്പിച്ചത്.

==================================================

## KERALA CM – KSEB

സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി മറികടക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. വൈദ്യുതി ഉപഭോഗം സർവകാല റെക്കോഡിലേക്ക് കുതിക്കുന്ന സാഹചര്യത്തിലാണ് യോഗം.

==================================================

## KOCHI WATER METRO- KERALA CM

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. ഏലൂർ വാട്ടർ മെട്രോ ടെർമിനലിൽ വൈകിട്ട് ഓൺലൈനായാണ് ഉദ്ഘാടന ചടങ്ങ്. ഇതോടെ രണ്ട് പുതിയ റൂട്ടുകളിൽ കൂടി കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിക്കും.

==================================================

## SABARIMALA

ശബരിമലയിൽ മീനമാസ പൂജകൾക്ക് പുലർച്ചെ തുടക്കമായി. ശനിയാഴ്ചയാണ് പൈങ്കുനി ഉത്രം മഹോൽസവം.

==================================================

## WORLD KIDNEY DAY

ഇന്ന് ലോക വൃക്ക ദിനം. വൃക്കകളുടെ ആരോഗ്യ പരിപാലനം, വൃക്കയുമായി ബന്ധപ്പെട്ട രോഗങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ വർഷവും മാർച്ച് മാസം രണ്ടാമത്തെ വ്യാഴാഴ്ച ലോക വൃക്കദിനമായി ആചരിച്ചു വരുന്നു. വൃക്കയുടെ പരിരക്ഷ ഏവർക്കും എന്നതാണ് ഈ വർഷത്തെ പ്രമേയം.

==============================================

## ENGLAND OPEN BADMINTON

യു കെയിൽ നടക്കുന്ന ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിത ഡബിൾസിൽ അശ്വിനി പൊന്നപ്പയും ടനീഷ ക്രാസ്റ്റോയും പ്രീ-ക്വാട്ടറിൽ കടന്നു. ഹോങ്കോങ് താരങ്ങളെ നേരിട്ടുള്ള സെറ്റുകൾക്കാണ് പരാജയപ്പെടുത്തിയത്. സ്കോർ 21-13, 21- 18. മറ്റൊരു മത്സരത്തിൽ പ്രിയാൻഷു രജാവത്ത് ഇന്തോനേഷ്യൻ താരത്തെ **19-21, 21-11, 9-21** എന്ന സ്കോറിന് തോൽപിച്ചു.

==============================================

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിനെതിരെ ഡൽഹി ക്യാപ്പിറ്റൽസിന് ജയം. ഡൽഹി അരുൺ ജെയ്റ്റ് ലി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഏഴ് വിക്കറ്റിനാണ് ഡൽഹിയുടെ ജയം. ഡൽഹി ക്യാപ്പിറ്റൽസ് **13.1** ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 129 റൺസ് എടുത്തു.

==============================================

## ATTINGAL

ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി V മുരളീധരന്റെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി രാവിലെ എട്ടരയോടെ അരുവിക്കര മണ്ഡലത്തിൽ നിന്നാരംഭിക്കും. ഉച്ചകഴിഞ്ഞ് നാവായിക്കുളം യുദ്ധ സ്മാരക ഹാളിൽ വികസന ചർച്ചയിൽ അദ്ദേഹം പങ്കെടുക്കും.

==============================================

## LDF – NEYYATTINKARA

തിരുവനന്തപുരത്തെ LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ പ്രചാരണ പരിപാടികൾ രാവിലെ നെയ്യാറ്റിൻകര മിംസ് പരിസരത്ത് ആരംഭിക്കും. വൈകിട്ട് കഴക്കൂട്ടത്തും, വട്ടിയൂർകാവിലും കൺവൻഷനുകളിൽ പന്ന്യൻ രവീന്ദ്രൻ പങ്കെടുക്കും.

==================================================

## RAMESH CHENNITHALA

മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയെ കേരളത്തിലെ കോൺഗ്രസ് പ്രചാരണ സമിതി ചെയർമാനായി നിയമിച്ചു. ഉടൻ പ്രാബല്യത്തിൽ വരുന്ന രീതിയിലാണ് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ നിയമന ഉത്തരവ് നൽകിയത്.

==================================================

## GOLD

ദുബായിൽ നിന്നും കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ത്തിലെത്തിയെ യാത്രക്കാരിൽ നിന്ന് പേസ്റ്റ് രൂപത്തിലാക്കി കടത്താൻ ശ്രമിച്ച 1051 ഗ്രാം സ്വർണ്ണം പിടികൂടി. കാസർകോട് സ്വദേശി ഉമ്മർ ഫാറൂഖ് ആണ് പിടിയിലായത്.

==================================================

## MALESIA

സാധുവായ രേഖകളില്ലാതെ താമസിക്കുന്ന വിദേശികൾക്ക് സ്വദേശത്തേക്ക് മടങ്ങാൻ മലേഷ്യൻ ഭരണകൂടം പൊതുമാപ്പ് പ്രഖ്യാപിച്ചതായി ക്വാലാലംമ്പൂരിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ അറിയിച്ചു. ഡിസംബർ 31 വരെയാണ് പൊതുമാപ്പിന്റെ കാലാവധി.

==================================================

## US BILL-TIK TOK

ചൈനീസ് കമ്പനിയായ ബൈറ്റ്ഡാൻസുമായുള്ള ബന്ധം അവസാനിപ്പിച്ചില്ലെങ്കിൽ ടിക് ടോകിനെ നിരോധിക്കാവുന്ന സുപ്രധാന ബിൽ യു എസ് പ്രതിനിധി സഭ പാസാക്കി. 65-ന് എതിരെ 352 വോട്ടുകൾക്ക് ബിൽ പാസാക്കിയെങ്കിലും, നിയമമാകാൻ ബില്ലിന് സെനറ്റിന്റെ അനുമതി ലഭിച്ച ശേഷം യു.എസ് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും വേണം. ബിൽ പ്രാബല്യത്തിൽ വന്നാൽ, BiteDance-ൽ നിന്ന് വേർപെടുത്താൻ TikTok-ന് ഏകദേശം അഞ്ച് മാസത്തെ സമയം നൽകും.

==================================================
===============================
=================